Intellect Thought Submission
MSM
mujahid students movement
KERALA

ENLIGHTENING GENERATIONS
CRE
CONTINUING RELIGIOUS EDUCATION
MUJAHID STUDENTS MOVEMENT

# CRE 2025-26

## SESSION 07

## Segment 1

# സൂറത്തുൽ കൗഥർ

Surah Al-Kawthar| Chapter 108| Qari Nishad Ahmed | QuranVerse

بِسۡمِ ٱللَّهِ ٱلرَّحۡمَـٰنِ ٱلرَّحِيمِ

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

إِنَّآ أَعۡطَيۡنَـٰكَ ٱلۡكَوۡثَرَ﴿١﴾

إِنَّا أَعْطَيْنَاكَ നിശ്ചയമായും നാം നിനക്കു നൽകി, തന്നു الْكَوْثَرَ ധാരാളമായത്, വളരെ നന്മ, കൗഥർ

108:1 നിശ്ചയമായും നാം നിനക്ക് ധാരാളം (നന്മകൾ) നൽകിയിരിക്കുന്നു.

فَصَلِّ لِرَبِّكَ وَٱنۡحَرۡ﴿٢﴾

فَصَلِّ ആകയാൽ നീ നമസ്കരിക്കുക لِرَبِّكَ നിൻറെ റബ്ബിനു وَانْحَرْ അറുക്കുകയും (മൃഗബലി കൊടുക്കുകയും) ചെയ്യുക

108:2 ആകയാൽ, നിന്റെ റബ്ബിനു നീ നമസ്കരിക്കുകയും (ബലി) അറുക്കുകയും ചെയ്യുക.

إِنَّ شَانِئَكَ هُوَ ٱلۡأَبۡتَرُ﴿٣﴾

إِنَّ شَانِئَكَ നിശ്ചയമായും നിന്നോടു ഈർഷ്യത (പക-വിദ്വേഷം) കാണിക്കുന്നവൻ هُوَ അവൻ തന്നെ الْأَبْتَرُ (വാലു) അറ്റവൻ, മുറിഞ്ഞുപോയവൻ (ഭാവി നഷ്ടപ്പെട്ടവൻ)

108:3 നിശ്ചയമായും നിന്നോടു വിദ്വേഷം വെക്കുന്നവൻ തന്നെയാണ് വാലറ്റവൻ [ഭാവിയില്ലാത്തവൻ].

# തജ്‌വീദ്

## همزة الوصل والقطع

○ إِنَّآ أَعۡطَيۡنَٰكَ ٱلۡكَوۡثَرَ ○ فَصَلِّ لِرَبِّكَ وَٱنۡحَرۡ ○ إِنَّ شَانِئَكَ هُوَ ٱلۡأَبۡتَرُ

ഈ സൂറത്തിൽ നമുക്ക് ഒരുപാട് همزة കൾ കാണാൻ സാധിക്കും. همزة കൾ രണ്ടുതരം ഉണ്ട്. همزة القطع ഉം همزة الوصل ഉം.

ഈ സൂറത്തിന്റെ ആരംഭത്തിലുള്ള إِنَّآ എന്ന വാക്കിലേക്ക് ശ്രദ്ധിച്ചാൽ അത് همزة കൊണ്ടാണ് തുടങ്ങുന്നത്. ഇതിനെ همزة القطع എന്ന് പറയുന്നു.

മറ്റൊരു പദത്തോട് ചേർത്തു വായിക്കുമ്പോഴും ആ പദത്തിൽ നിന്ന് വായന തുടങ്ങുമ്പോഴും വ്യക്തമായി ഉച്ചരിക്കപ്പെടുന്ന همزة യ്ക്ക് همزة القطع എന്ന് പറയുന്നു.

ഇനി ٱلۡكَوۡثَرَ എന്ന വാക്കിലേക്ക് ശ്രദ്ധിക്കുക. ഈ വാക്കിന്റെ തുടക്കത്തിലുള്ളതും همزة തന്നെ. എന്നാൽ ഇതിനെ همزة الوصل എന്ന് വിളിക്കുന്നു.

മറ്റൊരു പദത്തോട് ചേർത്ത് വായിക്കുമ്പോൾ ഉച്ചരിക്കാത്തതും എന്നാൽ ആ പദത്തിൽ നിന്നും വായിക്കുമ്പോൾ ഉച്ചരിക്കപ്പെടുന്നതിനും همزة الوصل എന്ന് പറയുന്നു.

**ഉദാഹരണത്തിന്**

ٱلشَّهۡرُ ٱلۡحَرَامُ بِٱلشَّهۡرِ ٱلۡحَرَامِ

ഈ ആയത്തിൽ ആദ്യം വരുന്ന ٱلشَّهۡرُ എന്ന പദത്തിൽ همزة യെ ഉച്ചരിക്കുകയും എന്നാൽ രണ്ടാമതായി വരുന്ന ٱلشَّهۡرُ എന്ന പദത്തിൽ همزة യെ ب നോട് കൂട്ടിച്ചേർത്തി വായിക്കുകയും ചെയ്യുന്നു.

മുസ്ഹഫുകളിൽ همزة الوصل നെ തിരിച്ചറിയാൻ (ٱ) ഇങ്ങനെ എഴുതി വരുന്നു.

മറ്റു ഉദാഹരണങ്ങൾ:-

1) أَلَمۡ يَعۡلَم بِأَنَّ ٱللَّهَ يَرَىٰ

2) ٱقۡرَأۡ بِٱسۡمِ رَبِّكَ ٱلَّذِي خَلَقَ

**Segment 2**

Camproot
a moral compass...

**ഈമാൻ കാര്യങ്ങൾ**

# 2. മലക്കുകളിലുള്ള വിശ്വാസം

**Does gravity exist?**

**(ഗുരുത്വാകർഷണ ബലം ഉണ്ടെന്ന് കരുതുന്നുണ്ടോ?)**

**ആരെങ്കിലും ഗ്രാവിറ്റി കണ്ടിട്ടുണ്ടോ?**

**പഞ്ചേന്ദ്രിയങ്ങളിൽ ഏതെങ്കിലും കൊണ്ട് അനുഭവിക്കാൻ കഴിഞ്ഞിട്ടുണ്ടോ? ഇല്ലല്ലോ!**

**അതിന്റെ effects അനുഭവിക്കാൻ കഴിയും.**

**(നമ്മുടെ ഭാരം അനുഭവിക്കാം, വസ്തുക്കൾ താഴോട്ട് വീഴുന്നത് കാണാം)**

**അതെ, നേരിട്ട് നമുക്ക് അനുഭവിക്കാൻ കഴിയില്ലെങ്കിലും, അതിന്റെ effects നിരീക്ഷിച്ചാണ് നമ്മൾ ചില കാര്യങ്ങൾ പഠനത്തിന് വിധേയമാക്കുന്നത്.**

**നിലവിലെ പ്രാപഞ്ചിക സിദ്ധാന്തങ്ങൾ പ്രകാരം പ്രകാശത്തേക്കാൾ വേഗത കൂടിയ വസ്തുക്കളെ നമുക്ക് ഒരിക്കലും നിരീക്ഷിക്കാനോ പഠിക്കാനോ കഴിയുകയില്ല. ഭാവിയിൽ അത്തരം പ്രതിഭാസങ്ങൾ കണ്ടെത്തിയാൽ നിലവിലെ പ്രാപഞ്ചിക സിദ്ധാന്തങ്ങൾ പൊളിച്ചെഴുതപ്പെടും.**

**നമ്മുടെ പരീക്ഷണ നിരീക്ഷണങ്ങൾക്ക് കണ്ടുപിടിക്കാൻ ഒരിക്കലും സാധിക്കാത്ത പല പ്രതിഭാസങ്ങളും ഇവിടെയുണ്ടാകാം.**

**മനുഷ്യന് തന്റെ സാധാരണ നിലയ്ക്കുള്ള ഇന്ദ്രിയജ്ഞാനം കൊണ്ട് മനസ്സിലാക്കുവാനോ അനുഭവിക്കാനോ കഴിയാത്ത സൃഷ്ടികളാണ് മലക്കുകൾ. അഥവാ ഗൈബിയായ (അഭൗതിക) സൃഷ്ടികൾ.**

ഖുർആനും പ്രവാചക വചനങ്ങളും കൊണ്ട് മാത്രമാണ് അവരുടെ സാന്നിധ്യവും പ്രവർത്തനങ്ങളും നമ്മളറിയുന്നത്.

🔸 **മലക്കുകളെ പ്രകാശം കൊണ്ടാണ് സൃഷ്ടിച്ചത്.**

عَنْ عَائِشَةَ، قَالَتْ قَالَ رَسُولُ اللَّهِ صلى الله عليه وسلم : خُلِقَتِ الْمَلاَئِكَةُ مِنْ نُورٍ وَخُلِقَ الْجَانُّ مِنْ مَارِجٍ مِنْ نَارٍ

**ആയിശയിൽ(റ) നിന്നും നിവേദനം: നബി ﷺ പറഞ്ഞു: മലക്കുകൾ സൃഷ്ടിക്കപ്പെട്ടത് പ്രകാശം കൊണ്ടാണ്. ജിന്നുകൾ സൃഷ്ടിക്കപ്പെട്ടത് കത്തിജ്വലിക്കുന്ന അഗ്നികൊണ്ടാണ്.**

**(മുസ്‌ലിം: 2996)**

🔸 **ആദരണീയരായ സൃഷ്ടികൾ**

മലക്കുകളുടെ ശ്രേഷ്ഠത വ്യക്തമാക്കുന്ന ധാരാളം വചനങ്ങൾ വിശുദ്ധ ഖുർആനിൽ കാണാം.

ആദരവ് എന്ന നിലക്ക് അല്ലാഹുവിനോടൊപ്പം മലക്കുകളെയും അവനിലേക്ക് ചേർത്തിപ്പറയുന്ന ആയത്തുകളുണ്ട്.

إِنَّ ٱللَّهَ وَمَلَٰٓئِكَتَهُۥ يُصَلُّونَ عَلَى ٱلنَّبِيِّۚ

**തീർച്ചയായും അല്ലാഹുവും അവന്റെ മലക്കുകളും നബിയോട് കാരുണ്യം കാണിക്കുന്നു. (ഖുർആൻ: 33/56)**

🔻 **മലക്കുകളെ കുറിച്ച് അല്ലാഹു വിശേഷിപ്പിച്ചത് -**

1. അത്യുന്നതമായ സമൂഹം (ഖുർആൻ 37:8)

2. അല്ലാഹുവിന്റെ സൈന്യങ്ങൾ (ഖുർആൻ 74:31)

3. സാമീപ്യം സിദ്ധിച്ചവർ (ഖുർആൻ 4:172)

4. മാന്യൻമാരും പുണ്യവാൻമാരും (ഖുർആൻ 80:16)

5. ആദരണീയരായ ദാസൻമാർ (ഖുർആൻ 21:26)

മലക്കുകളുടെ അസ്തിത്വത്തെയും അവയെക്കുറിച്ച് ഖുർആനിലും സ്വഹീഹായ ഹദീഥുകളിലും പറയുന്ന കാര്യങ്ങളെയും കുറിച്ചുള്ള വിശ്വാസം സത്യവിശ്വാസത്തിന്റെ ഭാഗമാണ്.

🔹 **മലക്കുകളിൽ വിശ്വസിക്കാത്തവർ അവിശ്വാസികളാണെന്ന് ഖുർആൻ പ്രഖ്യാപിക്കുന്നുണ്ട്:**

وَمَن يَكْفُرْ بِٱللَّهِ وَمَلَٰٓئِكَتِهِۦ وَكُتُبِهِۦ وَرُسُلِهِۦ وَٱلْيَوْمِ ٱلْءَاخِرِ فَقَدْ ضَلَّ ضَلَٰلًۢا بَعِيدًا

**"അല്ലാഹുവിലും, അവന്റെ മലക്കുകളിലും, അവന്റെ ഗ്രന്ഥങ്ങളിലും അവന്റെ ദൂതൻമാരിലും, അന്ത്യദിനത്തിലും വല്ലവനും അവിശ്വസിക്കുന്ന പക്ഷം തീർച്ചയായും അവൻ ബഹുദൂരം പിഴച്ചു പോയിരിക്കുന്നു."**

**(ഖുർആൻ 4:136)**

**മുഹമ്മദ് അമാനി മൗലവി (റഹി) പറയുന്നു: മതഗ്രന്ഥങ്ങളിൽ വിശ്വസിക്കാത്തവർ മലക്കുകളുടെ അസ്തിത്വം നിഷേധിക്കുക സ്വാഭാവികമാണ്. എന്നാൽ, മുസ്‌ലിം സമുദായത്തിനുള്ളിൽ തന്നെ ചില 'യുക്തിവാദി'കളുണ്ട്. മലക്കുകൾ എന്നു പറയപ്പെടുന്നതു വിദ്യുച്ഛക്തി (electricity) പോലെയുള്ള എന്തോ ഒരു ശക്തിയായിരിക്കുമെന്നാണവരുടെ ധാരണയും പ്രസ്താവനകളും. ധാരാളക്കണക്കിലുള്ള ഖുർആൻ വചനങ്ങളുടെയും, നബിവചനങ്ങളുടെയും പരസ്യമായ നിഷേധമാണത്.**

**(അമാനി തഫ്സീർ – ഖുർആൻ : 35/1 ന്റെ വിശദീകരണം)**

### ❇️ മലക്ക് എന്ന പദം

**1. مُلْك (അധികാരം) എന്ന പദത്തിൽ നിന്നാണ് مَلَك എന്ന പദം രൂപപ്പെട്ടത് എന്ന് ഒരു വിഭാഗം പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്.**

**ചില പ്രവർത്തനങ്ങളുടെ കൈകാര്യമേറ്റെടുത്തവർ എന്ന നിലക്ക് ഇവർ മലക്ക് എന്ന് പറയപ്പെടുന്നു. എന്നാൽ കൈകാര്യമേറ്റെടുത്തവർ മനുഷ്യരാകുമ്പോൾ അവർക്ക് മലിക് എന്നാണ് പ്രയോഗിക്കുക. ഇതാണ് അവരുടെ അഭിപ്രായം.**

**2. المألك 'മഅ്ലക്' എന്നാൽ 'സന്ദേശം' എന്നാണർത്ഥം. ഇതിൽ നിന്ന് നിഷ്പന്നമായതാണ് മലാഇക് എന്ന പദം .**

**മലക്കുകൾ അല്ലാഹുവിന്റെ സന്ദേശവാഹകരാണ്.**

### ❇️ മലക്കുകളുടെ പ്രകൃതം:-

**1. അല്ലാഹുവിനോടുള്ള അനുസരണം അസ്തിത്വത്തിന്റെ ഭാഗമാണ്.**

**2. അല്ലാഹുവിനെ ധിക്കരിക്കുവാൻ കഴിയുകയില്ല.**

{ ...، لَّا يَعْصُونَ ٱللَّهَ مَآ أَمَرَهُمْ وَيَفْعَلُونَ مَا يُؤْمَرُونَ }

**"അല്ലാഹു അവരോട് കൽപിച്ചകാര്യത്തിൽ അവനോടവർ അനുസരണക്കേട് കാണിക്കുകയില്ല. അവരോട് കൽപിക്കപ്പെടുന്നത് എന്തും അവർ പ്രവർത്തിക്കുകയും ചെയ്യും."**

**[Surah At-Taḥrīm: 6]**

**3. അല്ലാഹുവിനെ മറികടന്ന് സംസാരിക്കുകയുമില്ല**

لَا يَسْبِقُونَهُۥ بِٱلْقَوْلِ وَهُم بِأَمْرِهِۦ يَعْمَلُونَ

**അവർ അവനെ മറികടന്നു സംസാരിക്കുകയില്ല. അവൻറെ കൽപനയനുസരിച്ച് മാത്രം അവർ പ്രവർത്തിക്കുന്നു.**

**(ഖുർആൻ 21:27)**

**4. അല്ലാഹുവിനെ സദാവാഴ്ത്തുകയും ആരാധിച്ച് കൊണ്ടിരിക്കുകയും ചെയ്യുന്ന സൃഷ്ടികൾ.**

يُسَبِّحُونَ ٱلَّيْلَ وَٱلنَّهَارَ لَا يَفْتُرُونَ

**അവർ രാവും പകലും (അല്ലാഹുവിൻറെ പരിശുദ്ധിയെ) പ്രകീർത്തിച്ചു കൊണ്ടിരിക്കുന്നു. അവർ തളരുകയില്ല.**

**(ഖുർആൻ 21:20)**

🔹 **വ്യത്യസ്ത പദവിയുള്ളവർ:**

**ഓരോ മലക്കിനും ഓരോ നിശ്ചിത പദവിയും സ്ഥാനവുമുണ്ട്. അതനുസരിച്ചായിരിക്കും അവരുടെ ആരാധനാകർമ്മങ്ങളും, ദൈവ കീർത്തനങ്ങളും തുടങ്ങി എല്ലാ കാര്യങ്ങളും നടത്തപ്പെടുന്നത്.**

❇️ **മലക്കുകളുടെ എണ്ണം:**

وَكَم مِّن مَّلَكٍ فِى ٱلسَّمَٰوَٰتِ ....

**ആകാശങ്ങളിൽ എത്രയെത്ര മലക്കുകളാണുള്ളത് .....**

**(ഖുർആൻ 53:26)**

وَمَا يَعْلَمُ جُنُودَ رَبِّكَ إِلَّا هُوَ ۚ

നിൻറെ രക്ഷിതാവിൻറെ സൈന്യങ്ങളെ അവനല്ലാതെ മറ്റാരും അറിയുകയില്ല.
**(ഖുർആൻ 74:31)**

**നബി ﷺ യുടെ മിഅ്റാജ് യാത്രയെ കുറിച്ച് വിവരിക്കുന്ന ഹദീസിൽ കാണാം:**

..... നബി ﷺ പറയുന്നു: ശേഷം ബൈതുൽ മഅ്മൂറിലേക്ക് ഞാൻ ഉയർത്തപ്പെട്ടു. ഞാൻ ചോദിച്ചു: ഹേ, ജിബ്‌രീൽ, ഇത് എന്താണ്? ജിബ്‌രീൽ പറഞ്ഞു: ഇത് ബൈതുൽ മഅ്മൂറാണ്. എല്ലാ ദിവസവും എഴുപതിനായിരം മലക്കുകൾ അതിൽ പ്രവേശിച്ചുകൊണ്ടിരിക്കുന്നു. അതിൽ നിന്നും അവർ പുറത്തുപോയാൽ പിന്നീടൊരിക്കലും അതിലേക്ക് മടങ്ങി വരുന്നതല്ല. (ഇത് എല്ലാ ദിവസവും നടന്നുകൊണ്ടിരിക്കുന്നു.)

**(മുസ്‌ലിം:164)**

**മലക്കുകളുടെ എണ്ണം മനുഷ്യർക്ക് തിട്ടപ്പെടുത്താൻ കഴിയുന്നതിനും അപ്പുറമാണ്. അല്ലാഹുവിന് മാത്രമാണ് മലക്കുകളുടെ എണ്ണം കൃത്യമായി അറിയാൻ കഴിയുന്നത്.**

- **മലക്കുകൾ ഭക്ഷണം കഴിക്കുകയില്ല.**

**തസ്‌ബീഹും തക്‌ബീറും തഹ്‌മീദും തഹ്‌ലീലും ആണ് അവരുടെ ഭക്ഷണം.**

- **ചിറകുകളുള്ള സൃഷ്ടി**

ٱلْحَمْدُ لِلَّهِ فَاطِرِ ٱلسَّمَٰوَٰتِ وَٱلْأَرْضِ جَاعِلِ ٱلْمَلَٰٓئِكَةِ رُسُلًا أُو۟لِىٓ أَجْنِحَةٍ مَّثْنَىٰ وَثُلَٰثَ وَرُبَٰعَ ۚ يَزِيدُ فِى ٱلْخَلْقِ مَا يَشَآءُ ۚ إِنَّ ٱللَّهَ عَلَىٰ كُلِّ شَىْءٍ قَدِيرٌ

"ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചുണ്ടാക്കിയവനും രണ്ടും മൂന്നും നാലും ചിറകുകളുള്ള മലക്കുകളെ ദൂതൻമാരായി നിയോഗിച്ചവനുമായ അല്ലാഹുവിന് സ്തുതി. സൃഷ്ടിയിൽ താൻ ഉദ്ദേശിക്കുന്നത് അവൻ അധികമാക്കുന്നു. തീർച്ചയായും അല്ലാഹു ഏത് കാര്യത്തിനും കഴിവുള്ളവനാകുന്നു."

**(ഖുർആൻ 35:1)**

**നബി ﷺ ജിബ്‌രീലിനെ(അ) അദ്ദേഹത്തിന്റെ സാക്ഷാൽ രൂപത്തിൽ രണ്ട് പ്രാവശ്യമാണ് കണ്ടിട്ടുള്ളത്. അദ്ദേഹത്തിന് അറുനൂറു ചിറകുകൾ ഉണ്ടായിരുന്നു.**

**ഓരോ ചിറകുകളും ചക്രവാളങ്ങൾ നിറഞ്ഞു നിൽക്കുന്നുണ്ടായിരുന്നു.**

🔹 **മലക്കുകളുടെ വലിപ്പം:**

**നബി ﷺ പറഞ്ഞു: അല്ലാഹുവിന്റെ മലക്കുകളിൽ പെട്ട അർശ് വഹിക്കുന്ന ഒരു മലക്കിനെ കുറിച്ച് നിങ്ങളെ അറിയിക്കാൻ അല്ലാഹു എനിക്ക് അനുമതി നൽകി. അതിന്റെ ചെവിയുടെ അടിഭാഗം മുതൽ അതിന്റെ തോൾ വരെ 700 വർഷം യാത്രചെയ്യാനുള്ള ദൂരമുണ്ട്. (അബൂദാവൂദ് : 4727)**

🔹 **മനുഷ്യർക്ക് മുമ്പേയുള്ള സൃഷ്ടികൾ**

❇️ **വ്യത്യസ്ത ജോലി നിർവ്വഹിക്കുന്നവർ:**

**ജോലികളനുസരിച്ച് മലക്കുകൾ പലതരമുണ്ട്. അതിൽ പ്രധാനപ്പെട്ടത്**

**1. മനുഷ്യരുടെ പ്രവർത്തനങ്ങൾ എഴുതി സൂക്ഷിക്കുന്നവർ**

**2. മനുഷ്യരെ സംരക്ഷിക്കാൻ ചുമതലപ്പെടുത്തപ്പെട്ട മലക്കുകൾ**

**3. അല്ലാഹുവിന്റെ അർശിന്റെ വാഹകർ**

**4. സ്വർഗത്തിന്റെ കാര്യങ്ങൾ ഏൽപിക്കപ്പെട്ടവർ**

**5. നരകത്തിന്റെ കാര്യങ്ങൾ ഏൽപിക്കപ്പെട്ടവർ**

**6. ഗർഭാവസ്ഥയിൽ വരുന്ന മലക്കുകൾ**

**7. നബി ﷺ ക്ക് സലാം എത്തിക്കുന്നവർ**

❇️ **പേര് സ്ഥിരപ്പെട്ടിട്ടുള്ള മലക്കുകളും അവരുടെ ജോലിയും**

**1. ജിബ്‌രീൽ : നബിമാർക്ക് സന്ദേശം എത്തിക്കൽ**

**(റൂഹുൽ ഖുദുസ് - പരിശുദ്ധാത്മാവ്, റൂഹുൽ അമീൻ എന്നെല്ലാം പേരുകളുണ്ട്)**

**2. മീകാഈൽ : മഴയുടെ കാര്യം ഏൽപ്പിക്കപ്പെട്ട മലക്ക്**

**(മീകാൽ എന്നും പേരുണ്ട്)**

**3. മാലിക് : നരകത്തിന്റെ കാവൽക്കാരുടെ നേതാവ്**

**4. മലക്കുൽ മൗത്ത് : ആത്മാവിനെ പിടിക്കാൻ ഏൽപിക്കപ്പെട്ടവർ**

**('അസ്റാഈൽ' എന്ന പേരിന് ഒരു അടിസ്ഥാനവുമില്ല.)**

**5. ഇസ്റാഫീൽ : കാഹളത്തിൽ ഊതൽ**

🔹 **മലക്കുകൾക്ക് മരണമുണ്ട്.**

كُلُّ مَنْ عَلَيْهَا فَانٍ - وَيَبْقَىٰ وَجْهُ رَبِّكَ ذُو ٱلْجَلَٰلِ وَٱلْإِكْرَامِ

**അവിടെയുള്ള എല്ലാവരും നശിച്ച് പോകുന്നവരാകുന്നു. മഹത്വവും ഉദാരതയും ഉള്ളവനായ നിൻറെ രക്ഷിതാവിൻറെ മുഖം അവശേഷിക്കുന്നതാണ്.**

**(ഖുർആൻ 55:26-27)**

**അല്ലാഹുവല്ലാത്ത എല്ലാ വസ്തുക്കളും നാശത്തിന് വിധേയമാണ്. അവൻ മാത്രമേ നാശത്തിനു വിധേയനാകാത്തവനായുള്ളു.**

🔹 **മലക്കുകൾ സ്ത്രീകളാണെന്ന് മക്കയിലെ മുശ്രിക്കുകൾ** വിശ്വസിച്ചിരുന്നു. **മാത്രമല്ല മലക്കുകൾ അല്ലാഹുവിന്റെ പെൺമക്കളാണെന്നും അവർ ജൽപ്പിച്ചിരുന്നു. ഇത് രണ്ടും തീർത്തും തെറ്റാണ്. എന്ന് മാത്രമല്ല, സർവോൽകൃഷ്ടനും മഹാപരിശുദ്ധനുമായ ലോകരക്ഷിതാവിന്റെ മഹത്ത്വത്തെയും പരിശുദ്ധിയെയും ഇടിച്ചുതാഴ്ത്തുന്നതുമാണ്.**

إِنَّ ٱلَّذِينَ لَا يُؤْمِنُونَ بِٱلْءَاخِرَةِ لَيُسَمُّونَ ٱلْمَلَٰٓئِكَةَ تَسْمِيَةَ ٱلْأُنثَىٰ

**തീർച്ചയായും പരലോകത്തിൽ വിശ്വസിക്കാത്തവർ മലക്കുകൾക്ക് പേരിടുന്നത് സ്ത്രീ നാമങ്ങളാകുന്നു.**

**(ഖുർആൻ 53:27)**

🔹 **മലക്കുകളെ പുരുഷനെന്നോ സ്ത്രീയെന്നോ വേർതിരിച്ചു പറയേണ്ടതില്ല.**

❇️ **മലക്കുകൾ മനുഷ്യ രൂപത്തിൽ വന്ന ചില സന്ദർഭങ്ങൾ:**

**• ഇബ്റാഹീം നബി(അ)യുടെയും ലൂത് വ് നബി(അ)യുടേയും അടുക്കലേക്ക് അതിഥികളായിക്കൊണ്ട് മനുഷ്യരൂപത്തിൽ മലക്കുകൾ കയറിച്ചെന്നു.**

**• മർയം ബീവിക്ക് മുന്നിൽ ജിബ്രീൽ(അ) തികഞ്ഞ മനുഷ്യരൂപത്തിൽ പ്രത്യക്ഷപ്പെടുകയും പരസ്പരം സംസാരിക്കുകയും ചെയ്തത് ഖുർആൻ വ്യക്തമാക്കിയിട്ടുണ്ട്.**

**• നബി ﷺ സ്വഹാബികളോടൊത്ത് ഇരിക്കുന്ന സമയത്ത്.**

**Segment 4** “Learn A Dua”

Objectives:

1. പ്രാർത്ഥനകൾ അർഥ സഹിതം പഠിക്കുകയും ജീവിതത്തിൽ പകർത്തുകയും ചെയ്യൽ.

## ഉറക്കിൽ നിന്ന് ഉണരുമ്പോൾ -3

**നബി (സ്വ) ഉറക്കിൽ നിന്ന് ഉണരുമ്പോൾ സൂറത്തു ആലു ഇംറാൻ 190 മുതൽ 200 വരെയുള്ള ആയത്തുകൾ പാരായണം ചെയ്യാറുണ്ടായിരുന്നു.**

## Segment 5

QURANIC CHAPTERS

**31. لقمان - ലുഖ്മാൻ**

**32. السجدة - അസ്സജദഃ** : **സാഷ്ടാംഗം**

**33. الأحزاب - അൽ അഹ്സാബ്** : **സംഘടിത കക്ഷികൾ**

**34. سبإ - സബഅ്** : **സബഅ് ഗോത്രം**

**35. فاطر - ഫാത്വിർ** : **സ്രഷ്ടാവ്**

**ASSIGNMENT**

**ജുമുഅഃ ഖുതുബ ശ്രദ്ധിച്ച് കേൾക്കാറുണ്ടോ?**

**ഇനി വരാനുള്ള ജുമുഅഃ ഖുതുബ ശ്രദ്ധിച്ച് കേട്ട് വീട്ടിൽ എത്തിയതിനു ശേഷം ഓർത്തെടുക്കാൻ ശ്രമിക്കാമോ?**

**പോയിന്റുകൾ ഒന്നെഴുതി കൂടി നോക്കിയാലോ?**

**ഈ ആഴ്ചത്തെ ടാസ്ക് അതാണ്.**

**ഒരു ജുമുഅഃ ഖുതുബയിലെ പോയിന്റുകൾ നോട്ട് ചെയ്ത് ഫോട്ടോ എടുത്ത് അയക്കൂ.**

CRE WING | MSM Kerala